<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183</u> <u>01-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ജലയാനങ്ങളിലെ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ ജലയാനങ്ങളിൽ രാത്രി യാത്ര ഉൾപ്പെടെ നടത്തുന്ന സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | **രാത്രി കാലങ്ങളിൽ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നാവിഗേഷൻ എകിപ്മെന്റ്സ് ഉള്ള ബോട്ടുകൾക്ക് രാത്രികാലങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതി കേരള മാരിടൈം ബോർഡ് നൽകിയിട്ടുണ്ട്. എല്ലാ ബോട്ടുകൾക്കും നിയമം അനുശാസിക്കുന്ന അത്രയും ലൈഫ് ജാക്കറ്റ്, ലൈഫ് ബോയകൾ ഉൾപ്പെടെയുള്ള ജീവൻ രക്ഷാ ഉപകരണങ്ങളും അഗ്നിരക്ഷാ ഉപകരണങ്ങളും ഉണ്ടെന്നുള്ളത് വാർഷിക സർവ്വേ സമയത്ത് ഉറപ്പാക്കിയതിന് ശേഷമാണ് സർവ്വീസ് സർട്ടിഫിക്കറ്റ് മാരിടൈം ബോർഡ് നൽകുന്നത് എന്ന് മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്.** |
| (ബി) | 2016 മുതൽ നാളിതുവരെ ഇത്തരം ജലയാനങ്ങളിൽ സഞ്ചരിച്ച ടൂറിസ്റ്റുകളിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിലെത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിലാണ് കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | **ജലയാനങ്ങളിൽ സഞ്ചരിച്ച ടൂറിസ്റ്റുകളിൽ നിന്നും അവർക്ക് ലഭിച്ച സേവനത്തിൽ അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതി മാരിടൈം ബോർഡ് പോർട്ട് ഓഫീസർ, ആലപ്പുഴ ജില്ലാ കളക്ടർ എന്നിവർക്ക് നൽകിയിട്ടുണ്ട്. മറ്റു കേസുകളൊന്നും കേരള മാരിടൈം ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് മാരിടൈം ബോർഡ് അറയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ